പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.157 03.10.2016-ൽ മറുപടിക്ക്**

**സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും അഭാവം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എം.മുകേഷ്<br>ശ്രീ.ഡി.കെ.മുരളി | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി) |
| (എ)മെഡിക്കൽ കോളേജുകൾ മുതൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ വരെയുള്ള വിവിധ സർക്കാർ ആശുപത്രികൾ നേരിടുന്ന പ്രധാന പ്രശ്നം ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും കുറവായതിനാൽ ഇതു സമയബന്ധിതമായി പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ)മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ പ്രവേശന തസ്തികയിലെ ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ ജനറൽ ആശുപത്രി വരെയുള്ള സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിലേക്കായി നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം നൽകി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 862 പേരെ പി.എസ്.സി അഡ്വൈസ് ചെയ്യുകയും ആയതിൽ 275 പേർ ജോലിയിൽ പ്രവേശിക്കുകയും 234 പേർ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള പ്രവേശന കാലം നീട്ടിക്കിട്ടുന്നതിലേയ്ക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിച്ച എൻ.ജെ.ഡി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ വീണ്ടും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം പൂർത്തീകരിക്കുന്നതാണ്. സ്പെഷ്യലിസ്റ്റുമാരുടെ കുറവ് നികത്തുന്നതിന് നിലവിലുള്ള ഡോക്ടർമാരിൽ നിന്നും സ്പെഷ്യാലിറ്റി യോഗ്യതയുള്ളവരെ അവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സ്പെഷ്യലിസ്റ്റ് യോഗ്യതയുള്ളവരുടെ നിലവിലുള്ള ലിസ്റ്റിൽ |

നിന്നും 199 ഡോക്ടർമാരെ ജൂനിയർ കൺസൾട്ടന്റ്മാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ ലിസ്റ്റ് നിലവിലില്ലാത്ത സ്പെഷ്യാലിറ്റികളിൽ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും താൽക്കാലിക നിയമനവും നടത്തിയിട്ടുണ്ട്. 12 പേർക്ക് ഇത്തരത്തിൽ നിയമനം നടത്തിയിട്ടുണ്ട്. പ്രമോഷൻ തസ്തികകൾ ആയ കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് എന്നിവയിൽ ഡി.പി.സിയുടെ അംഗീകാരത്തോടെ നിയമനം നടത്തുന്നതിനുള്ള നടപടിയും പുരോഗമിച്ചു വരുന്നു.

നഴ്സിംഗ് വിഭാഗത്തിൽ ഉൾപ്പെടുന്ന നേഴ്സിങ്ങ് സൂപ്രണ്ട് ഗ്രേഡ്-1-ന്റെ ഒഴിവുകൾ പ്രൊമോഷനിലൂടെ നികത്തുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഹെഡ് നേഴ്സ് തസ്തികയിലെ ഒഴിവുകൾ പ്രൊമോഷനിലൂടെ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റാഫ് നേഴ്സിന്റെ നിലവിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.
ഫാർമസി വിഭാഗത്തിൽ സ്റ്റോർ സൂപ്രണ്ട്, പി.എസ്.കെ എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷനിലൂടെ നികത്തി കഴിഞ്ഞു. തൽഫലമായി ഉണ്ടായ ഫാർമസിസ്റ്റിന്റെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.

ഫാർമസിസ്റ്റിന്റെ റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ പി.എസ്.സിയിൽ നിന്നും എൻ.ഒ.സി വാങ്ങിയശേഷം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനം നൽകി ഫാർമസികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മറ്റു പാരാ മെഡിക്കൽ സ്റ്റാഫുകളുടെ ഒഴിവുകൾ യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രിയിലെ നിലവിലുള്ള ബെഡ് സ്ട്രെങ്ത്, രോഗികളുടെ ഒപി/ഐപി നിലവാരം, ചികിത്സാ സൗകര്യങ്ങൾ എന്നിവയ്ക്കനുസരിച്ചാണ് നിലവിൽ ഡോക്ടർമാരുടെയും മറ്റു

ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നത്. സംസ്ഥാനത്തൊട്ടാകെയുള്ള ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

(ബി)സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം പരിഹരിക്കാനായി ബോണ്ട് വ്യവസ്ഥ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി നിയമ നിർമ്മാണം നടത്തുമോ;

(ബി) സർവ്വീസ് ക്വോട്ടയിൽ ഉപരി പഠനത്തിന് അർഹത നേടിയ ഡോക്ടർമാരിൽ നിന്നും ഉപരി പഠനത്തിനു ശേഷം നിശ്ചിത കാലയളവിൽ നിർബന്ധിത സർക്കാർ സേവനം നൽകണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള ബോണ്ട് നിലവിലുണ്ട്.

(സി)ഗ്രാമീണ മേഖലയിൽ സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ സേവനം നിർബന്ധിതമാക്കാമോ; അല്ലെങ്കിൽ പ്രത്യേക ആനുകൂല്യങ്ങൾ നൽകി ഗ്രാമീണ സേവനം ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ?

(സി) സർവ്വീസ് ക്വോട്ടയിൽ പി.ജി അഡ്മിഷൻ ലഭിച്ച ഡോക്ടർമാർക്ക് 7 വർഷമാണ് നിർബന്ധിത സേവനം നിഷ്കർഷിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ